# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **27.02.2017-ൽ മറുപടിക്ക്**

**ചോദ്യം നം: 169**

## പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥിയുടെ ദുരൂഹമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടതിനെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് മരണപ്പെട്ടത് സംബന്ധിച്ച് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 19/17 ആയി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. |
| (ബി) | മരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജിഷ്ണുവിന്റെ രക്ഷിതാക്കൾ മുഖ്യമന്ത്രിയ്ക്ക് എത്ര കത്തുകൾ/നിവേദനങ്ങൾ നൽകി; പ്രസ്തുത കത്തുകൾക്കും നിവേദനങ്ങൾക്കും മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | മരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജിഷ്ണുവിന്റെ രക്ഷിതാക്കൾ പ്രതിപക്ഷ നേതാവ് മുഖാന്തിരം മുഖ്യമന്ത്രിയ്ക്ക് നിവേദനം നൽകിയിരുന്നു. പ്രസ്തുത നിവേദനത്തിന് നൽകിയ മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ജിഷ്ണുവിന്റെ അമ്മ മുഖ്യമന്ത്രിയ്ക്ക് തുറന്ന കത്തെഴുതുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; മകൻ നഷ്ടപ്പെട്ട കുടുംബത്തോട് കാണിച്ച മനുഷ്യത്വരഹിതമായ സമീപനമാണ് തുറന്ന കത്തെഴുതാൻ മാതാവിനെ പ്രേരിപ്പിച്ചത് എന്ന ആരോപണം ശരിയാണോയെന്ന് വ്യക്തമാക്കാമോ ? | (സി) | ജിഷ്ണു പ്രണോയിയുടെ മരണത്തിന് കാരണക്കാരായവരെ കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ട് വരുന്നതിന് സർക്കാർ സ്വീകരിക്കേണ്ട എല്ലാ നടപടികളും ഊർജ്ജിതമായും സമയബന്ധിതമായും സ്വീകരിച്ചിട്ടുണ്ട്. ഈ കേസിന്റെ പ്രത്യേകത പരിഗണിച്ച് അഡ്വക്കേറ്റ് സി.പി.ഉദയഭാനുവിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്ത് നിന്നും മനുഷ്യത്വരഹിതമായ സമീപനം ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നം. 17759/ജെ2/2017/ആഭ്യന്തരം

ആഭ്യന്തര(ജെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 23.02.2017.

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീമതി മഹിജ അശോകൻ
കിണറുള്ള പറമ്പത്ത് ഹൗസ്
വള്യം, നാദാപുരം,
കോഴിക്കോട് 673517

മാഡം,

വിഷയം :- ആഭ്യന്തരവകുപ്പ് - ജിഷ്ണു പ്രണോയിയുടെ മരണം - സംബന്ധിച്ച്.

സൂചന:- ബഹു: പ്രതിപക്ഷനേതാവ് മുഖാന്തിരം ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച താങ്കളുടെ 12.01.2017 ലെ നിവേദനം

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ 12.01.2017 ലെ നിവേദനം ബഹു പ്രതിപക്ഷനേതാവ് മുഖാന്തിരം സർക്കാരിൽ ലഭിക്കുകയുണ്ടായി. ഈ വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവി, ആരോഗ്യ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്വീകരിച്ച നടപടി വിവരം താങ്കളെ അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,
**ആർ.ഷീലറാണി**
അഡീഷണൽ സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ